ഉത്തരം

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ ത്രിവേണി കോഫി ഹൗസ് ആരംഭിച്ചിട്ടില്ല. എന്നാൽ പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിന്റെ കോമ്പൗണ്ടിലാണ് 3-1-2011-ൽ ത്രിവേണി കോഫി ഹൗസ് ആരംഭിച്ചത്.

(ബി) 24-12-2015 നാണ് പ്രവർത്തനം നിർത്തിയത്. 8 ജീവനക്കാരാണ് ജോലി ചെയ്തിരുന്നത്. പ്രതിമാസം ഒരു ലക്ഷം രൂപയോളം നഷ്ടമുണ്ടായി. മുൻവർഷങ്ങളിലെ പ്രവർത്തന നഷ്ടം ഏകദേശം 25 ലക്ഷം രൂപയായിരുന്നു. എഞ്ചിനീയറിംഗ് കോളേജിൽ സ്റ്റുഡന്റ്സ് മെസ് ആരംഭിച്ചത് നഷ്ടം കൂടുന്നതിനും കാരണമായി. ഇങ്ങനെയൊക്കെ നഷ്ടം സംഭവിച്ചിട്ടും 24-12-2015 വരെ സ്ഥാപനം പ്രവൃത്തിപ്പിക്കുന്നതിന് പരമാവധി ശ്രമിച്ചിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കണ്ണൂർ ജില്ലയിലെ സഹകരണ സംഘങ്ങൾ

135 (520) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും കാറ്റഗറി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ 205 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. കാറ്റഗറി തിരിച്ചുള്ള വിവരം ചുവടെ സമർപ്പിക്കുന്നു:

ക്രമ നമ്പർ	വിഭാഗം	എണ്ണം
(1)	(2)	(3)
1	പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്	1
2	എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘം	5
3	അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം	2
4	വനിതാ സഹകരണ സംഘം	21
5	ലേബർ കോൺട്രാക്ട് സഹകരണ സംഘം	6

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
6	മാർക്കറ്റിംഗ് സഹകരണ സംഘം	3
7	ഹൗസിംഗ് സഹകരണ സംഘം	1
8	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം	4
9	ഹോസ്പിറ്റൽ സഹകരണ സംഘം	1
10	പലവക സഹകരണ സംഘം	147
11	സോഷ്യൽ വെൽഫെയർ സഹകരണ സംഘം	11
12	ട്രാവലിംഗ് ആന്റ് ടൂറിസം സഹകരണ സംഘം	1
13	സ്കൂൾ/കോളേജ് സഹകരണ സംഘം (കൺസ്യൂമർ സ്റ്റോർ)	2

സംഘങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു* .

കേപ്പിലെ നിയമനങ്ങൾ

136 (521) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ സ്വീപ്പർ, പ്യൂൺ തസ്തികയിൽ നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) മേയ് 2011 ന് ശേഷം കേപ്പിൽ സ്വീപ്പർ, പ്യൂൺ, സ്വീപ്പർ-കം-പ്യൂൺ തസ്തികയിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ മേയ് 2011-ജൂലൈ 2014 കാലഘട്ടത്തിൽ ഏഴ് വർഷ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ എത്ര പേർക്ക് സ്വീപ്പർ, പ്യൂൺ, വാച്ച്മാൻ എന്നീ തസ്തികകളിൽ സ്ഥിരപ്പെടുത്തി നിയമനം നൽകിയിട്ടുണ്ട്;

(ഡി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ മേയ് 2015 പ്രാബല്യത്തിൽ ഭരണസമിതി അംഗീകാരത്തോടുകൂടി അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര സ്ഥിരം തസ്തികകളാണ് സൃഷ്ടിച്ചിട്ടുണ്ടായിരുന്നത്; 2015-ാമാണ്ട് മേയ് മാസം കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ എത്ര പേർ അസിസ്റ്റന്റ് പ്രൊഫസറുടെ സ്ഥിരം തസ്തികയിൽ നിയമനം ലഭിച്ച് സേവനത്തിലുണ്ടായിരുന്നു; വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly